**പതിമൂന്നാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5220 06.02.2014 ന് മറുപടിയ്ക്ക്.

**ദേവികുളം മണ്ഡലത്തിലെ വന്യജീവി ആക്രമണങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ എത്ര പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്.; എത്ര പേർക്ക് വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ പരിക്കേറ്റിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവരുടേയും, മരണം സംഭവിച്ചവരുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>മരണപ്പെട്ടവർ :<br>മറയൂർ ഡിവിഷൻ - 2<br>മൂന്നാർ ഡിവിഷൻ - 8<br>മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ - 1<br>ആകെ - 11<br>പരിക്കേറ്റവർ :<br>മൂന്നാർ ഡിവിഷൻ - 3<br>മറയൂർ ഡിവിഷൻ - 4<br>ആകെ - 7 |
| (ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കാർഷിക വിളകൾക്ക് സംഭവിച്ചിട്ടുള്ള നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ ; പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ; | (ബി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തൊക്കെ സഹായങ്ങളാണ് അനുവദിച്ച് നൽകിയിട്ടുള്ളത് എന്നറിയുമോ; വിശദാംശം നൽകാമോ; | (സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 3 ലക്ഷം രൂപ ധനസഹായം അനുവദിച്ചു വരുന്നു. 22.03.2013 തീയതി വരെ പരിക്കേറ്റവർക്ക് 5000/- രൂപ വരെയും, സ്ഥായിയായ അംഗവൈകല്യം സംഭവിച്ചവർക്ക് 25,000/- രൂപ വരെയും 22.03.2013-ന് ശേഷം നഷ്ടപരിഹാര തുകകൾ ഉയർത്തി നിശ്ചയിച്ച് പരിക്കേറ്റവർക്കുള്ള ചികിത്സാ ചിലവ് ഇനത്തിൽ 75,000/- രൂപ വരെയും, ആദിവാസി വിഭാഗങ്ങൾക്ക് ചികിത്സാ ചിലവ് പൂർണ്ണമായും, സ്ഥായിയായ അംഗവൈകല്യം സംഭവിച്ചവർക്ക് 75,000/- രൂപ വരെയും ധനസഹായം സർക്കാർ നൽകി വരുന്നു. |

(ഡി) കൃഷിഭൂമിയിലുണ്ടായ നാശനഷ്ടങ്ങൾക്ക് കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) കൃഷിയിടങ്ങളേയും ജനങ്ങളേയും വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ഇ) കൃഷിയിടങ്ങളേയും ജനങ്ങളേയും വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന, വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നുംകുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.
8. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ചു മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.
9. പ്രശ്നക്കാരായ ആനകളെ പിടിച്ചു മാറ്റുന്നതിനുള്ള എലിഫെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.
10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.
11. വനത്തിനകത്ത്, വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
12. പ്രശ്നങ്ങളുണ്ടാക്കുന്ന കരങ്ങുകളെ പിടിച്ചു മാറ്റാനും വന്ധീകരിക്കുവാനും ഉള്ള നടപടികൾ.

(എഫ്) ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

(എഫ്) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഉത്തരം (ഇ)-ൽ പറയുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ആവശ്യമായ സ്ഥലങ്ങളിൽ തുടർന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ.